**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 168** **08-08-2023 - ൽ മറുപടിയ്ക്ക്**

**മൃതസഞ്ജീവനി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അവയവം ലഭിക്കാനായി രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്ന രോഗികളുടെ എണ്ണം എത്ര; വൃക്ക, കരൾ തുടങ്ങി അവയവങ്ങൾക്കായി കാത്തിരിക്കുന്നവരുടെ എണ്ണം തരംതിരിച്ച് വ്യക്തമാക്കുമോ; | (എ) | **3702 രോഗികൾ വിവിധ അവയവങ്ങൾക്കായി മരണാനന്തര അവയവദാന പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയവം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:-**<br>**വൃക്ക : 2362**<br>**കരൾ : 828**<br>**ഹൃദയം : 67**<br>**ശ്വാസകോശം : 6**<br>**പാൻക്രിയാസ് : 12**<br>**ചെറുകുടൽ : 2**<br>**കോർണിയ : 425** |
| (ബി) | മൃതസഞ്ജീവനി പദ്ധതി നടപ്പിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് ഇത്തരത്തിൽ എത്രപേർക്ക് അവയവങ്ങൾ ദാനം നൽകി ജീവൻ നിലനിർത്തി ; വ്യക്തമാക്കുമോ; | (ബി) | **മൃതസഞ്ജീവനി പദ്ധതി നടപ്പിൽ വന്നതിനുശേഷം നാളിതുവരെ മരണാനന്തര അവയവദാനത്തിലൂടെ 1041 പേർക്ക് അവയവ മാറ്റം നടത്തിയിട്ടുണ്ട്. അവയവം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:-**<br>**വൃക്ക : 624**<br>**കരൾ : 290**<br>**ഹൃദയം : 75**<br>**ശ്വാസകോശം : 4**<br>**പാൻക്രിയാസ് : 16**<br>**ചെറുകുടൽ : 5**<br>**ശ്വാസനാളം : 1**<br>**കൈ : 26** |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി സജീവമാക്കാനും സുതാര്യമായ അവയവദാനങ്ങളിലൊന്നുപോലും സാങ്കേതിക പ്രശ്നങ്ങളാൽ വൈകാതിരിക്കുവാനും പരാതികൾ പരിഹരിച്ച് അവയവദാനം സുഗമവും സുതാര്യവുമാക്കുവാനുമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ? | (സി) | **സംസ്ഥാനത്തു അവയവദാനവും അവയവം മാറ്റിവെക്കൽ ശസ്ത്രക്രിയയും നടക്കുന്നത് 1994- ൽ നിലവിൽ വന്ന ട്രാൻസ്‌പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ടും 2014-ൽ നിലവിൽ വന്ന ട്രാൻസ്‌പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻ ആൻഡ് ടിഷ്യൂസ് റൂൾസിന്റെയും അടിസ്ഥാനത്തിലാണ്. ടി ആക്ടിന്റെ പരിധിയിൽ നിന്നുകൊണ്ട് സംസ്ഥാനത്ത് അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 19.11.2010 ലെ 14931/ എസ്2/2009/ആ.കു.വ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്.**<br><br>**മസ്തിഷ്ക മരണാനന്തര അവയവ ദാതാവിൽ നിന്നുള്ള അവയവങ്ങളുടെ വിന്യാസം സംബന്ധിച്ച് 04.02.2012 ലെ സ.ഉ (എം.എസ്) നം. 37/2012/ ആ.കു.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ മസ്തിഷ്ക മരണ സ്ഥിതീകരണവുമായി ബന്ധപ്പെട്ട മാതൃകാ പ്രവർത്തന നടപടിക്രമങ്ങൾ 19.01.2020 ലെ സ.ഉ (എം.എസ്) നം. 07/2020/ ആ.കു.വ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മസ്തിഷ്ക മരണ സ്ഥിതീകരണവുമായി ബന്ധപ്പെട്ട മാതൃകാ പ്രവർത്തന നടപടിക്രമങ്ങൾ പുറപ്പെടുവിച്ചത് കേരള സർക്കാർ ആണ്. പല സംസ്ഥാനങ്ങളും ഇത് മാതൃകയാക്കുകയും ചെയ്തിട്ടുണ്ട്.**<br><br>**അവയവദാന കൈമാറ്റ പ്രക്രിയകൾ കാര്യക്ഷമമാക്കുന്നതിനും, സുതാര്യമാക്കുന്നതിനും, കൂടാതെ അവയവദാനവുമായി ബന്ധപ്പെട്ട എല്ലാ പ്രവത്തനങ്ങളും ഒരേ കുടക്കീഴിൽ കൊണ്ടു വരിക എന്ന ലക്ഷ്യത്തോടെയും കേരളാ സർക്കാരിന്റെ കീഴിൽ കേരളാ സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്‌പ്ലാന്റ് ഓർഗനൈസേഷൻ (KSOTTO) ഒരു ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്തു പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.**<br><br>**നാഷണൽ ഇൻഫോർമാറ്റിക് സെന്റർ മുഖേന തയ്യാറാക്കിയ അവയവദാന കൈമാറ്റ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള രജിസ്ട്രി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അവയവത്തിനു വേണ്ടി കാത്തിരിക്കുന്ന രോഗികളുടെ പേര് ചേർക്കൽ, മുൻഗണനാടിസ്ഥാനത്തിലുള്ള അവയവ വിന്യസം, അവയവമാറ്റത്തിന് ശേഷമുള്ള രോഗികളുടെ അതീജീവനം എന്നിവ ഈ രജിസ്ട്രി മുഖേന നിർവഹിക്കുവാൻ കഴിയും**<br><br>**അവയവദാന രംഗത്ത് സമഗ്രമായ മാറ്റം കൊണ്ടുവരുന്നതിന് വേണ്ടി പ്രോട്ടോകോൾ, നയങ്ങൾ, മാതൃകാ പ്രവർത്തന നടപടിക്രമങ്ങൾ** |

| | | | |
|---|---|---|---|
| | | | **എന്നിവ വികസിപ്പിക്കുന്നതിന് വിദഗ്ധ പ്രവർത്തന സംഘവും (Expert Working Group) അനുബന്ധമായി ഓരോ അവയവങ്ങൾക്കും പ്രത്യേകം വൈദഗ്ദ്യമുള്ളവരുടെ കമ്മിറ്റികളും രൂപീകരിച്ച് 12.05.2023 ലെ സ.ഉ (സാധാ) നം. 1134/2023/ആ.കു.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ